**റൂളിംഗ്**

<u>ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം</u>

<u>മി. സ്പീക്കർ</u>: നിയമനിർമ്മാണ പ്രക്രിയയിൽ സഭയിൽ നിക്ഷിപ്തമായ അധികാരം യഥാവിധി വിനിയോഗിക്കാതിരിക്കുകയും പകരം ഭരണഘടനയിലെ അനുച്ഛേദം 213 അനുസരിച്ചുള്ള അധികാരം ഉപയോഗപ്പെടുത്തി ഗവർണ്ണർ മുഖാന്തിരം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നുവെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ യഥാസമയം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നില്ലെന്നുമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ആക്ഷേപം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട നിയമമന്ത്രി ഇവിടെ കാര്യങ്ങൾ വിശദമാക്കുകയുണ്ടായി. പതിനാലാം കേരള നിയമസഭ നിലവിൽ വന്നതിനുശേഷം ആകെ 35 ഓർഡിനൻസുകളാണ് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ 3 എണ്ണം ഒഴികെ 32 ഓർഡിനൻസുകളും ഇന്ന് സഭാ സമ്മേളനം അവസാനിക്കുന്നതോടെ നിയമമായി മാറുകയാണ്.

അവശേഷിക്കുന്നത് 3 ഓർഡിനൻസുകൾ മാത്രമാണ്. ഇതൊരു അപൂർവ്വനേട്ടമായി കരുതുന്നില്ലെങ്കിലും നിയമനിർമ്മാണരംഗത്ത് നല്ലൊരു മാതൃകയാണ്. മാത്രമല്ല രാജ്യത്തെ നിയമസഭകളിൽ ചാമ്പ്യനാണ് കേരളനിയമസഭ എന്നുകൂടി ഞാൻ ഈ സഭയെ അറിയിക്കുകയാണ്. സഭ ചേരുന്ന ദിവസങ്ങൾ, നിയമനിർമ്മാണ പ്രക്രിയയിൽ എടുക്കുന്ന കാലാവധി ഇത്തരം കാര്യങ്ങളിലെല്ലാം മാതൃകാപരമായ സമീപനം സ്വീകരിക്കുന്നതിൽ നമ്മൾ വിജയിച്ചിരിക്കുന്നു. നിയമനിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേർന്ന് പരമാവധി ഓർഡിനൻസുകളും നിയമമാക്കാനുള്ള പരിശ്രമമാണ് നാം ഈ സമ്മേളനത്തിൽ നടത്തിയത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും മന്ത്രിമാരും അംഗങ്ങളും അങ്ങേയറ്റത്തെ സഹകരണമാണ് നൽകിയിട്ടുള്ളത്. എങ്കിലും അവശേഷിക്കുന്ന ഓർഡിനൻസുകളും പ്രസിദ്ധീകരിച്ച മറ്റ് ബില്ലുകളും സമയബന്ധിതമായി പാസ്സാക്കി നിയമമാക്കാനുള്ള ശ്രമം ഇനിയും നടത്തേണ്ടതുണ്ട്. ക്രമപ്രശ്നത്തിൽ ഉന്നയിച്ചപ്രകാരമുള്ള ഒരു സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല

എന്നതുകൊണ്ട് അത് നിലനില്ക്കുന്നില്ല എന്ന് റൂൾ ചെയ്യുന്നു. ഓർഡിനൻസുകൾ സംബന്ധിച്ച കാര്യങ്ങളിൽ നിയമസഭാ വെബ്സൈറ്റിൽ ഏതെങ്കിലും തരത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇന്നുതന്നെ പരിഹരിക്കുന്നതാണ്.